# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

01-07-2019

## കാലഹരണപ്പെട്ട റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ നടപടി ചട്ടം 166 (ബി) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം വരുത്തിയെന്നുള്ള സുപ്രധാനമായ ക്രമപ്രശ്നം തന്നെയാണ് ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട രേഖകൾ യഥാസമയം മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് കാണിച്ച് നേരത്തേയും പാർലമെന്ററികാര്യ വകുപ്പ് സർക്കാർ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായിട്ട് ഇതിന്റെ കാര്യത്തിൽ നേരിട്ടിരുന്ന കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയുണ്ടായി. എന്നാലും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ

ഭരണപരമായ കാര്യങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും അതിൽ ചട്ടപ്രകാരമുള്ള ഡിലേ സ്റ്റേറ്റുമെന്റുകൾ പ്രസ്തുത രേഖകളോടൊപ്പം തന്നെ സഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അതോടൊപ്പം ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിലും നടപടികൾ സ്വീകരിക്കണമെന്നതന്നെയാണ് മന്ത്രി ഇവിടെ സൂചിപ്പിച്ചത് . ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ചെയർ മുഖവിലയ്ക്ക് എടുക്കുകതന്നെയാണ്. ഇവിടെ ഉന്നയിച്ച പ്രശ്നം ഭാവിയിൽ ആവർ ത്തിക്കാതിരിക്കാൻ ചിലകാര്യങ്ങൾ ആലോചിക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിനു കീഴിലുള്ള വിവിധ കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർ ഡുകൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്ന രേഖകൾ യഥാസമയമാണോ വച്ചത് , കാലതാമസമുണ്ടായെങ്കിൽ അതിനുള്ള ഡിലേ സ്റ്റേറ്റുമെന്റ് ലഭ്യമായിട്ടുണ്ടോ, ഡിലേ സ്റ്റേറ്റുമെന്റിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ യുക്തിസഹമാണോ, എന്നീ കാര്യങ്ങളുടെ പരിശോധന മാത്രമാണ്

നിലവിലുള്ള ചട്ടപ്രകാരം മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് ഇപ്പോൾ നടത്തുവാൻ അവസരമുള്ളൂ . അതുകൊണ്ട്, ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി ലഭ്യമാക്കുന്നുണ്ടോയെന്ന കാര്യം നിരീക്ഷിക്കാനും അല്ലാത്തപക്ഷം അതിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള ചുമതലകൂടി മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. അങ്ങനെ വന്നാൽ അപ്രകാരമുള്ള ഒരു ചുമതല പ്രസ്തുത സമിതിയിൽ നിക്ഷിപ്തമാക്കുന്നതോടുകൂടി ഭാവിയിൽ ഇത്തരത്തിലുള്ള പരാതികളൊക്കെ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് തന്നെ പരിശോധിക്കാനും, ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാനും കഴിയുന്നതാണെന്ന കാര്യം കൂടി ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ് , അതിൽ തുടർനടപടികൾ ഉണ്ടാകുമെന്നു കൂടി റൂൾ ചെയ്യുന്നു.

----------